# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6627

## 09-11-2016 ൽ മറുപടിക്ക്

## കിഫ്ബി സമാഹരിക്കുന്ന തുക

| ചോദ്യം<br>ശ്രീ. കെ. എം. മാണി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|
| **(എ)** കിഫ് ആക്ടിലെ പുതിയ 9 -ാം വകുപ്പ് അനുസരിച്ച് കിഫ്ബി സമാഹരിക്കുന്ന തുകയുടെ പലിശയും മുതലും നൽകുന്നതിന് ഗ്യാരണ്ടി നൽകുവാനുള്ള വ്യവസ്ഥ കിഫ്ബി സ്വരൂപിക്കുന്ന എല്ലാ ഫണ്ടുകൾക്കും ബാധകമാണോ; ഇല്ലെങ്കിൽ ഏതെല്ലാം ഫണ്ടുകൾക്ക് ബാധകമാണെന്ന് വിശദമാക്കാമോ;<br><br>**(ബി)** കിഫ്ബി സ്വരൂപിക്കുന്ന എല്ലാ ഫണ്ടുകളുടെയും തിരിച്ചടവിന് സർക്കാർ ഗ്യാരണ്ടിയുണ്ടായിരിക്കെ ഇതിലേക്ക് സർക്കാർ ഓരോ വർഷവും തിരിച്ചടവിനായി ബജറ്റ് വിഹിതം വയ്ക്കേണ്ട ആവശ്യമെന്ത്; | ഭേദഗതി ചെയ്ത കിഫ് ആക്ട് 2016 ലെ 3-ാം വകുപ്പ പ്രകാരം കിഫ് ബോർഡ് സമാഹരിക്കുന്ന ഫണ്ട് എന്നത് (1) ആന്വിറ്റി നൽകുന്നതിനോ, അല്ലെങ്കിൽ 8-ാം പകുപ്പ പ്രകാരം കാലാകാലങ്ങളിൽ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടു കൂടിയും പൊതുവായതോ, പ്രത്യേകമായതോ ആയ ഉത്തരവ് വഴി സർക്കാർ നിശ്ചയിക്കാവുന്ന പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായും പ്രസ്തുത ആക്ടിന്റെ ആവശ്യങ്ങൾക്കായി കടമായി വാങ്ങാവുന്ന ഏതൊരു തുകയും തിരിച്ചടവ് ബാധ്യതകൾ നൽകുന്നതിനോ ഉണ്ടായിട്ടുള്ള ചെലവുകൾ നേരിടുന്നതിനും ബോർഡിന്റെ പ്രവർത്തനപരവും ഭരണ നിർവ്വഹണവുമായി ഉണ്ടാകുന്ന ചെലവുകൾ നേരിടുന്നതിനും സർക്കാർ വാർഷിക ബഡ്ജറ്റിൽ വ്യവസ്ഥ ചെയ്യുന്ന തുക. (2). 7-ാം വകുപ്പ പ്രകാരമുള്ള |

| | |
|---|---|
| | മോട്ടാർ വാഹന സെസ്സ്, പെട്രോളിന്മേലുള്ള സെസ്സ് എന്നിവ. (3). ഏതെങ്കിലും സ്ഥാപനം നൽകിയിട്ടുള്ള ഗ്രാന്റുകളും വായ്പകളും അല്ലെങ്കിൽ മുൻകൂർ തുകകൾ. (4). ബോർഡിന്റെ വരുമാനങ്ങൾ വർദ്ധിപ്പിക്കുന്നതിനായി മറ്റു മാർഗ്ഗങ്ങളിൽ കൂടി ബോർഡ് സമാഹരിച്ച ഏതൊരു തുക, എന്നിവയാണ്.<br>ഇപ്രകാരം കിഫ്ബി സ്വരൂപിക്കുന്ന ഫണ്ടിൽ മേൽപ്പറഞ്ഞ 8-ാം വകുപ്പ് പ്രകാരം ബോർഡ് സമാഹരിക്കുന്ന ഏതെങ്കിലും തുകയുടെ പലിശയും മുതലും നൽകുന്നതിന് സർക്കാർ ഗ്യാരണ്ടി നൽകുന്നതിന് ഭേദഗതി ചെയ്ത കിഫ് ആക്ട് 2016 ലെ 9-ാം വകുപ്പ് പ്രകാരം വ്യവസ്ഥ ചെയ്തിരിക്കുന്നു. ധന വിപണിയിൽ നിന്നും വൻതോതിൽ ഫണ്ട് സമാഹരിക്കുന്നതിന് നിക്ഷേപ വിശ്വാസം ആർജിക്കുന്നതിലൂടെ ഫണ്ട് ലഭ്യതയും മിതമായ നിരക്കും സാധ്യമാകും. ഈ ആവശ്യത്തിലേക്ക് സർക്കാർ ഗ്യാരണ്ടി വളരെ പ്രയോജനപ്രദമാണ്. ലാഭകരമല്ലാത്ത എന്നാൽ വളരെയേറെ സാമൂഹിക പ്രസക്തിയുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഇതിനായി കടമെടുക്കുന്ന തുകയും പലിശയും തിരിച്ചടക്കേണ്ടതിനും, ബോർഡിന്റെ പ്രവർത്തന ചെലവ് മുതലായവയ്ക്കും ബഡ്ജറ്റിലൂടെ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം കാലാകാലങ്ങളിൽ തുക ലഭ്യമാക്കേണ്ടതുണ്ട്. |

| | |
|---|---|
| **(സി)** തിരിച്ചടവിന് ബജറ്റ് വിഹിതമില്ലാതെ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്? | കിഫ്ബി വഴി എന്തെല്ലാം പ്രവൃത്തികൾ/ പദ്ധതികൾ നടപ്പിലാക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുക. |

**സെക്ഷൻ ഓഫീസർ**